പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3812 17.12.2015-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യിൽ ഇ-ഗവേണൻസ് പദ്ധതി

ചോദ്യം

ശ്രീ. പി.സി. വിഷ്ണുനാഥ് :
" വി.ഡി സതീശൻ :
" കെ. മുരളീധരൻ :
" വർക്കല കഹാർ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ ഇ-ഗവേണൻസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) യും (സി) യും | കെ.എസ്.ആർ.ടി.സി.യുടെ വിവിധ സേവനങ്ങൾ വേഗത്തിലും സൗകര്യപ്രദമായും പൊതുജനങ്ങൾക്ക് ലഭ്യമാക്കുക, ജീവനക്കാരുടെ ജോലി ഭാരം ലഘൂകരിക്കുക, ചെലവ് കുറച്ച് വരുമാനത്തിൽ വർദ്ധനവുണ്ടാക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്.<br>ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ 24 ഓൺലൈൻ റിസർവേഷൻ കൗണ്ടറുകൾ വഴി മുൻകൂർ ഓൺലൈൻ റിസർവേഷൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ യാത്രക്കാർക്ക് ഓൺലൈൻ സംവിധാനം വഴി www.ksrtconline.com എന്ന വെബ് സൈറ്റ് മുഖേന ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, ഇൻർനെറ്റ് ബാങ്കിംഗ് മുഖേന ടിക്കറ്റ് മുൻകൂർ ബുക്ക് ചെയ്യാനുള്ള സൗകര്യം ലഭ്യമാണ്.<br>കൂടാതെ ഇ-ടെണ്ടറിംഗ് സംവിധാനം, ബയോമെട്രിക് പഞ്ചിംഗ് സംവിധാനം, |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | | |

| | | |
|---|---|---|
| | | ജീവനക്കാരുടെ ശമ്പളവും, പെൻഷനും ബാങ്കുവഴി നൽകുന്നതിനുള്ള സംവിധാനം, ജി.പി.ആർ.എസ് സംവിധാനമുള്ള ഇ.ടി.എമ്മുകൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.<br>ജി.പി.എസ് സംവിധാനം ഉപയോഗിച്ച് വാഹനങ്ങൾ നിരീക്ഷിക്കുന്നതിനായി എല്ലാ ബസുകളിലും പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനുള്ള ധാരണാപത്രം KELTRON-മായി ഒപ്പിട്ടു. ആദ്യഘട്ടമായി കെ.എസ്.ആർ.ടി.സി. യുടെ തിരുവനന്തപുരം സെൻട്രൽ, തിരുവനന്തപുരം സിറ്റി യൂണിറ്റുകളിലെ 217 ബസുകളിൽ ജി.പി.എസ് സംവിധാനം ഏർപ്പെടുത്തി പ്രവർത്തനം നിരീക്ഷിച്ചു വരുന്നു. പൊതുജനങ്ങൾക്ക് കെ.എസ്.ആർ.ടി.സി ബസുകളിൽ സ്മാർട്ട് കാർഡുപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങളും പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ